# നീര ഉത്പാദനം: ഒരു ലക്ഷം ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കും

**കൊച്ചി:** നീര ഉത്പാദനത്തിനായി നാളികേര വികസന ബോർഡ് ഒരു ലക്ഷത്തോളം നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കും. ആലുവ വാഴക്കുളത്ത് ബോർഡിന്റെ ടെക്നോളജി ഡെവലപ്മെന്റ് സെന്ററിൽ (സിഐടി) 20 പേരടങ്ങുന്ന ആദ്യ ബാച്ചിന്റെ പരിശീലനം തുടങ്ങി. സിഐടി മേധാവിയും നാളികേര ബോർഡ് പ്രോസസിംഗ് എൻജിനിയറുമായ ശ്രീകുമാർ പൊതുവാൾ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. തൃശൂർ, ആലപ്പുഴ, കോഴിക്കോട്, കൊല്ലം ജില്ലകളിൽനിന്നു തെരഞ്ഞെടുത്ത ചെത്തുതൊഴിലാളികളാണു പരിശീലനത്തിൽ പങ്കെടുക്കുന്നത്.

ബോർഡിന്റെ ധനസഹായത്തോടെ നീര ഉത്പാദനത്തിലും സംസ്കരണത്തിലും ഗവേഷണം നടത്തുന്ന കളമശേരി എസ്സിഎംഎസ് കോളജിലും ഇതേ പരിശീലനം നൽകും. നീര ഉത്പാദനത്തിന്റെ ആദ്യഘട്ടത്തിൽ 1,400 നീര ടെക്നീഷ്യന്മാർക്കാണു രണ്ടാഴ്ചത്തെ താമസസൗകര്യത്തോടെ സൗജന്യ പരിശീലനം നൽകുന്നത്. പരിശീലനാർഥിക്ക് 200 രൂപ ദിനബത്തയും നൽകും. ആദ്യഘട്ടത്തിൽ പരമ്പരാഗത ചെത്തുതൊഴിലാളികൾക്കാണു മുൻഗണന. ഇവരുടെ അഭാവത്തിൽ തെങ്ങിന്റെ ചങ്ങാതിമാർക്കും പരിശീലനം നൽകും. ഓരോ ജില്ലയിൽനിന്നും ഫെഡറേഷൻ തലത്തിൽ 100 പേർക്കാണു നീര ചെത്താനുള്ള പരിശീലനം നൽകുന്നത്. ഇവരെ ഫെഡറേഷനുകളിൽ മാസ്റ്റർ ട്രെയിനർമാരാക്കും. ഇങ്ങനെ 1,400 മാസ്റ്റർ ട്രെയിനർമാരെ നാളികേര ബോർഡ് സൗജന്യമായി പരിശീലിപ്പിക്കും. ശുചിയായും അണുവിമുക്തമായും നീരയുടെ ഉത്പാദനവും ശേഖരണവും സംസ്കരണവും നടത്താനുള്ള ശാസ്ത്രീയ പരിശീലനമാണു നൽകുന്നത്. ഇവർ ഓരോരുത്തരും ബോർഡിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള 177 ഫെഡറേഷനുകളിലെ അഞ്ചുപേരെയെങ്കിലും വീതം പരിശീലിപ്പിച്ചു രണ്ടു വർഷത്തിനുള്ളിൽ കേരളത്തിലാകമാനം ഒരു ലക്ഷത്തിൽപ്പരം നീര ടെക്നീഷ്യന്മാരെ സജ്ജരാക്കി നീര ഉത്പാദനം വ്യാപകമാക്കാനാണു ലക്ഷ്യം.

പൈലറ്റടിസ്ഥാനത്തിൽ കളമശേരി എസ്സിഎംഎസ് ഗ്രൂപ്പ് നീരയും നീര ഉത്പന്നങ്ങളും വിപണിയിലിറക്കിയതിനോടനുബന്ധിച്ച് പരീക്ഷണാടിസ്ഥാനത്തിൽ 15 ചെത്തുതൊഴിലാളികൾക്കു തെങ്ങിൽനിന്നു നീര ചെത്തുന്നതു മുതൽ സംഭരണ കേന്ദ്രത്തിലെത്തിക്കുന്നതു വരെയുള്ള വിശദമായ പരിശീലനം നൽകിയിരുന്നു. കൂടുതൽ വിവരങ്ങൾക്ക് വാഴക്കുളത്തെ സിഐടി പ്രോജക്ട് മാനേജരുമായി ബന്ധപ്പെടണം: ഫോൺ 0484-2679680, മൊബൈൽ: 9496822939, 9995305704.